**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** **07-06-2021 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ ശക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീ വി ജോയി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri M. V. Govindan Master**<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സ്ത്രീശക്തീകരണത്തിനുമുള്ള പ്രധാന ഉപാധിയായി മാറിയ കുടുബശ്രീ സംവിധാനത്തെ ശക്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീശാക്തീകരണത്തിനും ജനങ്ങൾക്ക് ഉപജീവന പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള പ്രധാന ഉപാധിയായി മാറിയ കുടുംബശ്രീ സംവിധാനത്തെ അടുത്ത അഞ്ച് വർഷം കൊണ്ട് ശാക്തീകരിക്കുവാൻ വേണ്ടി വളരെയധികം സുപ്രധാനമായ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ആയത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സൗജന്യ നിരക്കിൽ ഊണ് നൽകുന്നതിന് തദ്ദേശസ്ഥാപനങ്ങളുടെയും ഭക്ഷ്യപൊതുവിതരണവകുപ്പിന്റെയും സഹായത്തോടെ കുടുംബശ്രീ നടത്തിവരുന്ന ജനകീയ ഹോട്ടലുകൾ കൂടുതൽ പ്രദേശങ്ങളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ജനകീയ ഹോട്ടലുകൾ കൂടുതൽ പ്രദേശങ്ങളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. നിലവിൽ 1103 ജനകീയ ഹോട്ടലുകളാണ് ഉള്ളത്. ജനകീയ ഹോട്ടലുകൾ ഇല്ലാത്ത 77 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണുള്ളത്. ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയ ഹോട്ടലുകൾ തുടങ്ങാനുള്ള സംയോജിത പ്രവർത്തനങ്ങൾ ഉടനെ സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കോവിഡ് വ്യാപന സാഹചര്യത്തിൽ കൂടുതൽ കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കുടുംബശ്രീയുടെ നേതൃത്വത്തിൽ കഴിഞ്ഞ 3 വർഷമായി www.kudumbashreebazaar.com എന്ന പേരിൽ ഒരു ഇ-കോമേഴ്സ് പോർട്ടൽ പ്രവർത്തിച്ചുവരുന്നു. ഈ പോർട്ടലിൽ 1097 ഉത്പ്പന്നങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴിയുള്ള വിപണനത്തിന് കൂടുതൽ പ്രചാരം നൽകും. ഇതുകൂടാതെ ലോകത്തിലെ സുപ്രധാനമായ ഇ-കൊമേഴ്സ് പോർട്ടലുകളായ ആമസോണിലും, ഫ്ളിപ്കാർട്ടിലും യഥാക്രമം 632, 40 കുടുംബശ്രീ ഉത്പ്പന്നങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ കൂടുതൽ ഉത്പ്പന്നങ്ങൾ ലിസ്റ്റ് ചെയ്യാനും ഇതുവഴിയുള്ള വിപണനത്തിന് കൂടുതൽ പ്രചാരം കൊടുക്കാനും |

| | | | |
|---|---|---|---|
| | | | അതുവഴി കൂടുതൽ ഓൺലൈൻ ഉത്പ്പന്നങ്ങൾ ലഭ്യമാക്കാനും ഉള്ള നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. സർക്കാരിന്റെ പ്രകടന പത്രിക പ്രകാരം കുടുംബശ്രീയുടെ സംസ്ഥാന വിഹിതം 2016-17 ൽ 75 കോടിയായിരുന്നത്, കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് 260 കോടിയായി ഉയർത്തിയിട്ടുണ്ടെന്നും അടുത്ത അഞ്ച് വർഷം കൊണ്ട് ആയത് 500 കോടിയാക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കുടുംബശ്രീയെ ശാക്തീകരിക്കുന്നതിനുള്ള ഒരു സുപ്രധാന നടപടിയായി കണക്കാക്കാവുന്നതാണ്.

2. കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഒരു കുടുംബത്തെ പ്രതിനിധീകരിക്കുന്നത് കുടുംബത്തിലെ വനിതാ അംഗമാണ്. ഇതിനൊരു മാറ്റം എന്ന രീതിയിൽ കുടുംബത്തിലെ രണ്ടാമതൊരു വനിതയെക്കൂടി അയൽക്കൂട്ടത്തിൽ അംഗമാക്കുന്നതിനുള്ള നയം ആവിഷ്കരിക്കും ഇതിലൂടെ കൂടുതൽ യുവജന പ്രാതിനിധ്യം ഉറപ്പാക്കുകയും അതുവഴി കുടുംബശ്രീയെ കൂടുതൽ ഊർജ്ജസ്വലമാക്കുകയും ചെയ്യും.

3. കുടുംബശ്രീയിലുള്ള മിക്ക സി.ഡി.എസ്സുകളും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടെങ്കിലും ചില സി.ഡി.എസ്സുകളെങ്കിലും പ്രതീക്ഷയ്ക്കൊത്ത് ഉയരാത്ത അവസ്ഥ നിലവിലുണ്ട്. ഇതിനൊരു മാറ്റം അടുത്ത അഞ്ച് വർഷം കൊണ്ടു വരുത്തുന്നതിനായി, ഓരോ വർഷവും മാതൃകാ സിഡിഎസ്സുകൾ രൂപീകരിച്ച് ആ സിഡിഎസ്സുകളുടെ നേതൃത്വത്തിൽ പ്രവർത്തന മികവ് കുറഞ്ഞ സിഡിഎസ്സുകൾക്ക് കൈത്താങ്ങ് നൽകുകയും എല്ലാ സി.ഡി.എസ്സുകളെയും ശക്തിപ്പെടുത്തി കുടുംബശ്രീ സംഘടനാ സംവിധാനത്തെ കരുത്തുറ്റതായി മാറ്റും.

4. തദ്ദേശ സ്ഥാപനങ്ങളുമായുള്ള സംയോജനമാണ് കുടുംബശ്രീയുടെ ശക്തി. കുടുംബശ്രീ സി.ഡി.എസ്സുകൾ നൽകുന്ന പദ്ധതികളും ഡിമാന്റും പഞ്ചായത്തുകളുടെ മുമ്പാകെ അവതരിപ്പിക്കുകയും ഇവ പ്രോജക്ടുകളാക്കി മാറ്റുകയും, പഞ്ചായത്തുകളുടെ പ്രോജക്ടുകൾ കുടുംബശ്രീയിലൂടെ നടപ്പിലാക്കുകയും ചെയ്യുന്ന രീതി നിലവിൽ മികച്ച രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കി വരുന്നു. തുടർന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള കുടുംബശ്രീയുടെ സംയോജനം ശക്തിപ്പെടുത്താനുള്ള വിവിധ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

5. 2016-17 ൽ കുടുംബശ്രീയുടെ ബാങ്ക് ലിങ്കേജ് 2032.56 കോടി രൂപയായിരുന്നു. കഴിഞ്ഞ 5 വർഷംകൊണ്ട് കുടുംബശ്രീയുടെ ആകെ ബാങ്ക് ലിങ്കേജ് 12623.86 കോടി രൂപ കടന്നിട്ടുണ്ട്. 4 ശതമാനം സബ്സിഡിയോടു കൂടി ബാങ്ക് ലിങ്കേജ് ലഭ്യമാക്കുകയും ബാങ്ക് ലിങ്കേജ് വർദ്ധിപ്പിക്കുകയും ചെയ്യുന്ന ശക്തമായ നയമാണ് കഴിഞ്ഞ 5 വർഷം കൊണ്ട് സ്വീകരിച്ചത്. ബാങ്കിംഗ് മൈക്രോ ഫിനാൻസ് മേഖലയിൽ പുതിയ പ്രോഡക്ടുകൾ കൊണ്ടുവരികയും കുടുംബശ്രീ ബാങ്ക് എന്ന സങ്കൽപ്പം ആവിഷ്കരിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുകയും ഉൾപ്പെടെ മൈക്രോ ഫിനാൻസ് രംഗത്ത് സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

6. കുടുംബശ്രീ ഒരു ഉപജീവന മിഷനായി വളർന്ന ഒരു കാലഘട്ടമായിരുന്നു കഴിഞ്ഞ 5 വർഷം. 45 ലക്ഷത്തോളം അംഗങ്ങളുള്ള കുടുംബശ്രീയുടെ താൽപ്പര്യമുള്ള എല്ലാ അംഗങ്ങളെയും ഉപജീവന പദ്ധതികളിലേയ്ക്ക് കൊണ്ടുവരാനുള്ള ഒരു ബൃഹത്പദ്ധതി ആവിഷ്കരിക്കും. മൈക്രോ സംരംഭങ്ങൾ രൂപീകരിക്കാനും തൊഴിൽ പരിശീലനം നൽകിക്കൊണ്ട് തൊഴിൽമേഖലകളിൽ ജോലി ലഭ്യമാക്കാനും കാർഷിക മേഖലയിൽ ഊന്നൽ നൽകിക്കൊണ്ടുമുള്ള സമഗ്ര പദ്ധതികൾ

ആവിഷ്കരിച്ചുകൊണ്ട് കൂടുതൽ ആളുകളിലേയ്ക്ക് ഉപജീവന പദ്ധതി എത്തിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു.

7. കേരളത്തിൽ രൂപപ്പെട്ടു വരുന്ന കെയർ ഗിവിംഗ് ഇക്കണോമിയുടെ ഭാഗമായി വിവിധ സേവന മേഖലകളിൽ തൊഴിലവസരങ്ങൾ വർദ്ധിച്ചു വരികയാണ്. ജെറിയാട്രിക് കെയർ, കുട്ടികളുടെ കെയർ, പ്രസവശുശ്രൂഷ, വീട്ടുജോലി തുടങ്ങിയ ധാരാളം സേവന മേഖലകളിൽ മികച്ച പരിശീലനം ലഭിച്ച നല്ല നിലവാരം പുലർത്തുന്ന ആളുകളുടെ കൂട്ടായ്മ എന്നതിന്റെയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും എന്നതിന്റെയും അടിസ്ഥാനത്തിൽ കുടുംബശ്രീയിലൂടെ വിവിധ സേവനങ്ങൾ നൽകുന്നതിനുള്ള ഒരു സേവന സംരംഭ മാതൃക രൂപീകരിക്കും.

8. സുഭിക്ഷ കേരളം സർക്കാരിന്റെ ഒരു സുപ്രധാന പദ്ധതിയാണ്. കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനും, ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാനും ലക്ഷ്യം വയ്ക്കുന്ന സുഭിക്ഷകേരളം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും ഒരു വലിയ പങ്കാണ് വഹിക്കുന്നത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ കാർഷിക കർമ്മസേനകൾ രൂപീകരിക്കുകയും കുടുംബശ്രീ വനിതാ സംഘകൃഷി ഗ്രൂപ്പുകൾ വഴി കൂടുതൽ തരിശുസ്ഥലങ്ങൾ കൃഷിചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും മൂല്യവർദ്ധിത ഉത്പ്പന്ന യൂണിറ്റുകൾ ഉണ്ടാക്കിക്കൊണ്ട് കൂടുതൽ വാല്യൂ ചെയിൻ യൂണിറ്റുകളിലേയ്ക്ക് സംരംഭകരെ കൈപിടിച്ചുയർത്താനുള്ള നയങ്ങൾ അടുത്ത വർഷങ്ങളിൽ ആവിഷ്കരിക്കും.

9. അതിദാരിദ്ര്യം ഇല്ലാതാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ സുപ്രധാന നോഡൽ ഏജൻസി കുടുംബശ്രീയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ അതിദരിദ്രരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കണ്ടെത്തിക്കൊണ്ട് അവരെ പുനരധിവസിപ്പിക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുകയും അടുത്ത 5 വർഷം കൊണ്ട് അതിദാരിദ്ര്യം പൂർണ്ണമായി ഇല്ലാതാക്കുകയും ചെയ്യാനുള്ള നടപടികൾ സ്വീകരിക്കും.

10. കേരളത്തിൽ 342 ബഡ്സ് സ്കൂളുകളിലായി 9545 മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്നുണ്ട്. കേരളത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിനും ബഡ്സ് സ്കൂളുകളിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതും ടി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതും ഉൾപ്പെടെ ടി മേഖലയിൽ കുടുംബശ്രീയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്നുകൊണ്ട് സമഗ്രമായ മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കും.

11. കുടുംബശ്രീ ഒരു ദേശീയ മാതൃകയാണ്. 2012 ലാണ് കുടുംബശ്രീയെ ഒരു ദേശീയ റിസോഴ്സ് ഓർഗനൈസേഷനായി അംഗീകരിച്ചിട്ടുള്ളത്. നിലവിൽ 19 സംസ്ഥാനങ്ങളുമായും ഒരു കേന്ദ്രഭരണ പ്രദേശവുമായിട്ടും കുടുംബശ്രീ കരാറിൽ ഏർപ്പെടുകയും കേരളത്തിൽ നിന്നുള്ള മെന്റർമാർ മൈക്രോ സംരംഭങ്ങൾ രൂപീകരിക്കാനും പഞ്ചായത്തുമായുള്ള സംയോജന പദ്ധതികൾ ആവിഷ്കരിക്കാനും ഈ സംസ്ഥാനങ്ങളെ പഠിപ്പിക്കുന്ന രീതിയും നിലവിലുണ്ട്. ഇത് കൂടുതൽ വിപുലീകരിച്ചു കൊണ്ട് കൂടുതൽ മേഖലകളിലേയ്ക്കും കൂടുതൽ ബ്ലോക്കുകളിലേയ്ക്കും കൂടുതൽ ജില്ലകളിലേയ്ക്കും കുടുംബശ്രീയുടെ എൻ.ആർ.ഒ പ്രവർത്തനം വ്യാപിപ്പിക്കാൻ വേണ്ട നേതൃത്വം സർക്കാർ നൽകും. കേരളത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായി 1998 ൽ രൂപീകരിച്ച കുടുംബശ്രീ ഇന്ന് ജീവിതത്തിന്റെ സമഗ്ര മേഖലകളിലും ഇടപെട്ടുകൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹ്യ പുരോഗതിയുമൊക്കെ കൈവരിക്കാൻ കേരളത്തെ സഹായിച്ചിട്ടുണ്ട്. 2023 ൽ 25 വർഷം

പൂർത്തിയാകുന്ന കുടുംബശ്രീയെക്കുറിച്ച് സമഗ്രമായി പഠിക്കാനും ഗവേഷണം നടത്താനും വേണ്ടി കുടുംബശ്രീയിലൂടെ ഒരു ഇന്റേൺഷിപ്പ് പ്രോഗ്രാം ആവിഷ്കരിക്കുന്നതുൾപ്പെടെ കുടുംബശ്രീയെക്കുറിച്ച് പഠിക്കുന്നതിന് ഗവേഷണവിദ്യാർത്ഥികൾക്കുൾപ്പെടെ അവസരം ലഭിക്കും.

12. കഴിഞ്ഞ ഒരു വർഷം കൊണ്ട് കേരളത്തിലുണ്ടായിട്ടുള്ള ഏറ്റവും വലിയ മാറ്റങ്ങളിലൊന്ന് കുടുംബശ്രീയിലൂടെ നടപ്പിലാക്കിയ ജനകീയ ഹോട്ടലുകളാണ്. 1103 ജനകീയ ഹോട്ടലുകൾ കോവിഡ് മഹാമാരിയുടെ ബുദ്ധിമുട്ടുകൾക്കിടയിലും നമുക്ക് തുറക്കാൻ സാധിച്ചു എന്നത് കേരളത്തിന്റെ അഭിമാനമാണ്. 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന ഈ ഹോട്ടലുകളിലൂടെ കോവിഡിനെ അതിജീവിക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. ഇതേ മാതൃകയിൽ കുടുംബശ്രീയുടെ ഉത്പ്പന്നങ്ങൾ ലഭ്യമാക്കാനും അതുവഴി സംരംഭകർക്ക് കൂടുതൽ വരുമാനമുണ്ടാക്കുന്നതിനുമുള്ള വിപണന കേന്ദ്രങ്ങൾ കേരളത്തിൽ ഉടനീളം തുറക്കാൻ ഉദ്ദേശിക്കുന്നു.

13. കുടുംബശ്രീയുടെ ഏറ്റവും വലിയ ശക്തി കുടുംബശ്രീ നെറ്റ് വർക്കാണ്. കുടുംബശ്രീ നെറ്റ് വർക്കിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഇന്ന് പ്രാദേശിക വിപണന യൂണിറ്റുകളായ ഹോംഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഹോംഷോപ്പുകളെ കൂടുതൽ ശക്തിപ്പെടുത്തുകയും പ്രാദേശിക വിപണന ശൃംഖല ശക്തിപ്പെടുത്തിക്കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ജനങ്ങൾക്കാവശ്യമായ ഹോംഡെലിവറി പോലുള്ള സേവനങ്ങൾ എത്തിക്കുന്ന തരത്തിലുള്ള ഒരു എക്കണോമി വികസിപ്പിക്കും.

14. കഴിഞ്ഞ 5 വർഷം കേരളത്തിലുണ്ടായ മറ്റൊരു സുപ്രധാന മാറ്റം ഹരിതകർമ്മ സേനയാണ്. കേരളത്തിലെ 780 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 27049 ഹരിതകർമ്മ സേനാംഗങ്ങൾ കുടുംബശ്രീ സംരംഭ മാതൃകയിൽ പ്രവർത്തിക്കുന്നു. ഹരിതകർമ്മ സേനകളിലൂടെ മാലിന്യമുക്ത കേരളം എന്ന ആശയം ആവിഷ്കരിക്കുകയും മാലിന്യം റീസൈക്കിൾ ചെയ്യുന്നതിനുള്ള ഒരു രീതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഹരിതകർമ്മ സേനകളെ ശക്തിപ്പെടുത്തുകയും ഹരിതകർമ്മ സേനാ സംവിധാനത്തിലൂടെ കേരളത്തെ മാലിന്യമുക്തമാക്കാനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിക്കും.

15. സ്ത്രീശാക്തീകരണം സംബന്ധിച്ച വളരെ സുപ്രധാനമായ പദ്ധതികളാണ് കുടുംബശ്രീ നടപ്പിലാക്കുന്നത്. ഇന്ന് 700 ഓളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ചുകൊണ്ട് ജെന്റർ റിസോഴ്സ് സെന്ററുകൾ കുടുംബശ്രീ ആവിഷ്കരിച്ചിട്ടുണ്ട്. 14 ജില്ലകളിലും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ ചെറുക്കാനുള്ള ഒരു വൺ സ്റ്റോപ്പ്സെന്ററായി സ്നേഹിത ഹെൽപ്പ് ഡെസ്കുകൾ മാറിയിട്ടുണ്ട്. 388 കമ്മ്യൂണിറ്റി കൗൺസിലർമാരിലൂടെ ആവശ്യമായ കൗൺസിലിംഗ് സേവനങ്ങൾ കുടുംബശ്രീയിലൂടെ നൽകുന്നുണ്ട്. ഇത്തരം സ്ത്രീശാക്തീകരണത്തിനു വേണ്ടിയുള്ള ഇൻസ്റ്റിസ്റ്റ്യൂഷണൽ ബിൽഡിംഗ് കൂടുതൽ ശക്തിപ്പെടുത്തുകയും അവരെ സഹായിക്കുന്നതിനുള്ള ഇത്തരം സംവിധാനങ്ങൾ വിപുലപ്പെടുത്തുകയും ഇതുവഴി സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സുപ്രധാനമായ ഫീൽഡ് ആർമിയായി കുടുംബശ്രീയെ മാറ്റുകയും ചെയ്യും.

16. സ്ത്രീകൾ സുരക്ഷിതരല്ലാത്ത അവസ്ഥ പൂർണ്ണമായും ഇല്ലാതാക്കാൻ വേണ്ടി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും കുടുംബശ്രീയുടെ നേതൃത്വത്തിൽ അരക്ഷിതാവസ്ഥാ പഠനം നടത്തും. അടുത്ത 5 വർഷം കൊണ്ട് കേരളത്തിലെ എല്ലാ സ്ഥാപനങ്ങളിലും നടത്തുന്ന ഈ അരക്ഷിതാവസ്ഥാ പഠനം പൂർത്തിയാക്കുകയും ഇതനുസരിച്ച് സ്ത്രീ ശാക്തീകരണത്തിന് ഏറ്റവും

ആവശ്യമുള്ള പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വയ്ക്കുകയും അതുവഴി ഒരു സുരക്ഷിത കേരളം കുടുംബശ്രീയിലൂടെ യാഥാർത്ഥ്യമാക്കും.

17. കുടുംബശ്രീ ഇന്ന് കൈകടത്താത്ത മേഖലകളില്ല എന്ന് നമുക്കെല്ലാവർക്കുമറിയാം. കുടുംബശ്രീയിലൂടെ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ഡേറ്റ ലഭ്യമാക്കുകയും പ്രോജക്ട് മോണിറ്ററിംഗ് ചെയ്യേണ്ടതും അത്യന്താപേക്ഷിതമാണ്. ഇതിനായി ഒരു ഏകീകൃത എം.ഐ.എസ് രൂപീകരിച്ചുകൊണ്ട് കുടുംബശ്രീയിലെ പ്രോജക്ട് മോണിറ്ററിംഗും പദ്ധതി നിർവ്വഹണവും ശക്തമാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കും.

18. 6 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് കുടുംബശ്രീയിലൂടെ കേരളത്തിൽ നടപ്പിലാക്കുന്നത്. 60 ശതമാനം കേന്ദ്രഫണ്ടും 40 ശതമാനം സംസ്ഥാന ഫണ്ടും ഉപയോഗിച്ചുള്ള ഈ പദ്ധതികളിലൂടെ നൈപുണ്യ പരിശീലനവും സ്വയംതൊഴിൽ പരിശീലനവും ഉൾപ്പെടെയുള്ള സുപ്രധാന പ്രോജക്ടുകൾ കുടുംബശ്രീയിലൂടെ നടപ്പിലാക്കുന്നു. ഈ പ്രോജക്ടുകൾ ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്നതിലൂടെ കേരളത്തിലെ കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

19. 3000-ത്തോളം വരുന്ന റിസോഴ്സ് പേഴ്സൺമാരും 1000 സിഡിഎസ് ചെയർപേഴ്സൺമാരും 2000 എഡിഎസ് ചെയർപേഴ്സൺമാരും 3 ലക്ഷം അയൽക്കൂട്ട ഭാരവാഹികളും ഉൾപ്പെടെയുള്ള ഒരു വലിയ സമൂഹമാണ് കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ശക്തി. ഈ സമൂഹത്തെ ശക്തിപ്പെടുത്തുക വഴിയാണ് കുടുംബശ്രീയിലെ ശാക്തീകരണം പൂർണ്ണമാവുക. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പരിശീലനങ്ങളും അവർക്കുള്ള എക്സ്പോഷർ വിസിറ്റും തുടർ പരിശീലനങ്ങളും നൽകിക്കൊണ്ട് കുടുംബശ്രീ സംവിധാനത്തെ ശക്തിപ്പെടുത്തും.

20. ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ചുകൊണ്ട് വിദ്യാഭ്യാസമുള്ള തൊഴിലില്ലാത്ത 20 ലക്ഷം ആളുകൾക്കു വേണ്ടി അവരുടെ ജോലിയുമായി ബന്ധപ്പെടുത്തുന്നതിനുള്ള ഒരു സുപ്രധാന പ്രോഗ്രാം കെ-ഡിസ്കിന്റെ നേതൃത്വത്തിൽ കേരളത്തിൽ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുണ്ട്. കേരളാ നോളജ് എക്കണോമി മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ പദ്ധതികളുടെ മൊബിലൈസേഷൻ, കരിയർ കൗൺസിലിംഗ്, തൊഴിലന്വേഷകരുമായുമായുള്ള ഇടപെടൽ, ഇതിന്റെ സോഷ്യൽ സെക്യൂരിറ്റി സിസ്റ്റവും അടിസ്ഥാന സൗകര്യവുമൊക്കെ ഉൾപ്പെടുത്തുന്നതിനുള്ള സുപ്രധാനമായ ഒരു കണ്ണിയായി കുടുംബശ്രീയെ വളർത്തുകയും കുടുംബശ്രീയിലൂടെ ഫീൽഡ് തലത്തിൽ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യും. ഇങ്ങനെ നിരവധി പ്രവർത്തനങ്ങൾ സുപ്രധാനമായ നയങ്ങൾ സ്വീകരിച്ചുകൊണ്ട് കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശാക്തീകരിക്കാനും കുടുംബശ്രീയിലൂടെ കേരളത്തിന്റെ വികസനമുറപ്പിക്കാനുമുള്ള നടപടികൾ ഈ സർക്കാർ സ്വീകരിക്കുന്നതാണ്.